REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേന്ദ്ര - സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്കു വർദ്ധനകളും ഇളവുകളും ഇന്ന് നിലവിൽ വരും.**
- **ഡൽഹിയിൽ 27 കോടിയിൽപരം രൂപയുടെ മയക്കുമരുന്നുമായി നാല് ആഫ്രിക്കൻ പൗരന്മാർ ഉൾപ്പെടെ അഞ്ച് പേർ പിടിയിലായതായി ആഭ്യന്തരമന്ത്രി അമിത് ഷാ.**
- **ഇന്ത്യയിൽ അധികം വൈകാതെ പെട്രോൾ, ഡീസൽ കാറുകൾക്കും വൈദ്യുതി കാറുകൾക്കും ഒരേ വിലയാകുമെന്ന് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി.**
- **സംസ്ഥാനത്തെ മാലിന്യ മുക്ത ക്യാമ്പയിനിന്റെ നേട്ടം നൂറു ശതമാനത്തിലെത്തിക്കാൻ വരും ദിവസങ്ങളിൽ കഴിയുമെന്ന് മന്ത്രി MB രാജേഷ്.**
- **ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കേന്ദ്ര - സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്കു വർദ്ധനകളും ഇളവുകളും ഇന്ന് നിലവിൽ വരും.

15 വർഷം കഴിഞ്ഞ ഇരുചക്ര വാഹനങ്ങൾക്കും, സ്വകാര്യ മുചക്ര വാഹനങ്ങൾക്കും ഇന്ന് മുതൽ റോഡ് നികുതി ഈടാക്കും. ഭൂനികുതിയിൽ സ്ലാബ് അടിസ്ഥാനത്തിൽ വർദ്ധനയും നിലവിൽ വരും. 23 ഇനം കോടതി ഫീസുകളും വർദ്ധിക്കും.

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ക്ഷാമബത്തയും കരാർ ജീവനക്കാരുടെ വേതനത്തിൽ അഞ്ച് ശതമാനവും വർദ്ധനയും ഇന്ന് നിലവിൽ വരും. പുതുക്കിയ ആദായനികുതി നിരക്കിൽ വാർഷിക വരുമാന പരിധി 12 ലക്ഷമാകും. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ മിനിമം ദിവസവേതനം സംസ്ഥാനത്ത് 369 രൂപയായി വർദ്ധിക്കും.

കേന്ദ്രഗവൺമെന്റ് ജീവനക്കാർക്ക് പുതിയ യൂണിഫൈഡ് പെൻഷൻ സ്കീമും ഇന്ന് നിലവിൽ വരും.

✪✪✪

സംസ്ഥാനത്തെ ട്രഷറികൾ ഇന്ന് തുറന്ന് പ്രവർത്തിക്കും. എന്നാൽ സാമ്പത്തിക ഇടപാടുകൾ ഉണ്ടായിരിക്കില്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു.

✪✪✪

വഖഫ് ഭേദഗതി ബിൽ പാർലിമെന്റിൽ അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയിൽ പങ്കെടുക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളോടും കേന്ദ്രമന്ത്രി കിരൺ റിജിജു അഭ്യർത്ഥിച്ചു. ബില്ല് തയ്യാറാണെന്നും എന്നാൽ ചില നേതാക്കൾ ബില്ലിനെക്കുറിച്ച് സമൂഹത്തേയും രാജ്യത്തേയും തെറ്റിദ്ധരിപ്പിച്ച് നുണകൾ പ്രചരിപ്പിക്കുകയാണെന്നും റിജിജു ന്യൂഡൽഹിയിൽ അറിയിച്ചു. നിരപരാധികളെ വഴിതെറ്റിക്കുന്ന ഇത്തരം പ്രചാരണ ശ്രമങ്ങൾ അപലപനീയമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ബില്ലിൽ വളരെ വിശദമായ കൂടിയാലോചനകളാണ് സംയുക്ത പാർലമെന്ററി സമിതി നടത്തിയതെന്നും കിരൺറിജിജു പറഞ്ഞു.

✪✪✪

കേന്ദ്ര വഖഫ് ബോർഡിലെ ചില വ്യവസ്ഥകൾ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നും അതിനാൽ നിയമ ഭേദഗതി അത്യാവശ്യമാണെന്നും കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ അറിയിച്ചു. കേരളത്തിലെ മുനമ്പം ഉൾപ്പെടെ ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം നിയമഭേദഗതിയാണെന്നും രാഷ്ട്രീയ പാർട്ടികളും സാമാജികരും ഈ വിഷയത്തിൽ നിഷ്പക്ഷവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കണമെന്നും CBCI ആവശ്യപ്പെട്ടു. മുനമ്പത്തെ അറുന്നൂറു കുടുംബങ്ങളുടെ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം അവർക്ക് പൂർണ്ണമായും പുനഃസ്ഥാപിച്ച് നൽകണമെന്നും CBCI അഭ്യർത്ഥിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ തത്വങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഭരണഘടന ഉറപ്പ് നൽകുന്ന മത ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും CBCI ആവശ്യപ്പെട്ടു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുംബൈയിൽ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപനചടങ്ങിൽ പങ്കെടുക്കും. ഇന്നലെ വൈകിട്ട് മുംബൈയിലെത്തിയ രാഷ്ട്രപതിയെ മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനും ഉപമുഖ്യമന്ത്രി  ഏകനാഥ് ഷിൻഡെയും ചേർന്ന് സ്വീകരിച്ചു.

✪✪✪

ഡൽഹിയിൽ 27 കോടിയിൽപരം രൂപയുടെ മയക്കുമരുന്നുമായി നാല് ആഫ്രിക്കൻ പൗരന്മാർ ഉൾപ്പെടെ അഞ്ച് പേർ പിടിയിലായതായി ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു. നൈജീരിയൻ പൗരന്മാരായ ഇവരിൽ നിന്ന് മെത്താംഫെറ്റമിനും MDMA-യും കൊക്കെയിനും കണ്ടെടുത്തു. വിദേശത്ത് നിന്ന് വൻതോതിൽ മയക്കുമരുന്ന് ഇന്ത്യയിലേക്കെത്തിക്കുന്ന സംഘത്തെയാണ് നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും ഡൽഹി പൊലീസും ചേർന്ന് പിടികൂടിയത്.

സ്റ്റുഡന്റ് വിസയുടെ മറവിൽ ഡൽഹിയിലെ സ്വകാര്യ സർവകലാശാലകളിൽ പ്രവേശനം നേടി വൻതോതിൽ മയക്കുമരുന്നും ക്രിപ്റ്റോ കറൻസി ഇടപാടുകളും നടത്തിവരികയായിരുന്നു പിടിയിലായവരെന്നും അമിത് ഷാ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യയിൽ അധികം വൈകാതെ പെട്രോൾ, ഡീസൽ കാറുകൾക്കും വൈദ്യുതി കാറുകൾക്കും ഒരേ വിലയാകുമെന്ന് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി അറിയിച്ചു. 2030-ഓടെ വൈദ്യുതി വാഹനങ്ങളുടെ ഉത്പാദനത്തിൽ ഇന്ത്യ ഒന്നാം നിരയിൽ എത്തുമെന്നും അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു.

താനെയിൽ ശ്രീകാന്ത് ബാപട് ലാബിന്റെ വൈദ്യുത സൈക്കിൾ പുറത്തിറക്കി സംസാരിക്കുകയായിരുന്നു നിധിൻ ഗഡ്കരി. രാജ്യത്തെ വായു മലിനീകരണം കുറയ്ക്കാൻ  ഏറ്റവും നല്ല മാർഗം വൈദ്യുതി വാഹനങ്ങളാണെന്നും നിധിൻ ഗഡ്കരി പറഞ്ഞു.

✪✪✪

കോൺഗ്രസിനെതിരേയും ധാരാളം സിനിമകൾ ഉണ്ടായെങ്കിലും ആരും അത്തരം സിനിമകൾക്കെതിരെ ആക്രമം അഴിച്ചുവിട്ടിട്ടില്ലെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ഒരേപോലെ അപകടകരമാണെന്നും KC വേണുഗോപാൽ തിരുവനന്തപുരത്ത് പ്രതികരിച്ചു.

✪✪✪

സംസ്ഥാനത്തെ മാലിന്യ മുക്ത ക്യാമ്പയിനിന്റെ നേട്ടം നൂറു ശതമാനത്തിലെത്തിക്കാൻ വരും ദിവസങ്ങളിൽ കഴിയുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. എല്ലാ തരം മാലിന്യങ്ങളുടേയും പരിപാലനം, സമ്പൂർണ ഡിജിറ്റൽ ട്രാക്കിംഗ് പുനഃചംക്രമണ പാർക്കുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

മാലിന്യകൂനകളില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുക തന്നെ ചെയ്യുമെന്നും 53 മാലിന്യ കൂനകളിൽ 24 എണ്ണം പൂർണമായും നീക്കം ചെയ്തുവെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ ആശാവർക്കർമാരുടെ രാപ്പകൽ സമരം ഇന്ന് 51-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരവും തുടരുകയാണ്.

✪✪✪

തലമുണ്ഡനം ചെയ്തവർ പ്രതിഷേധിക്കേണ്ടത് ഡൽഹിയിലാണെന്നും വെട്ടിയ തലമുടി കേരളത്തിലെ കേന്ദ്ര മന്ത്രിമാർ വഴി കേന്ദ്ര ഗവണ്മെന്റിന് കൊടുത്തയക്കണമെന്നും മന്ത്രി V ശിവൻകുട്ടി പറഞ്ഞു. സെക്രട്ടറിയറ്റിന് മുന്നിൽ ആശാ വർക്കർമാർ തലമുണ്ഡനം ചെയ്ത് പ്രതിഷേധിച്ച സംഭവത്തോട് സാമൂഹ്യ മാധ്യമത്തിൽ പ്രതികരിക്കുകയായിരുന്നു മന്ത്രി.

BJP യുടെ പ്രാദേശിക ജനപ്രതിനിധികൾ സമരത്തിൽ നുഴഞ്ഞു കയറിയെന്നും കേന്ദ്ര തൊഴിൽ മന്ത്രിക്ക് കത്ത് അയച്ചിട്ട് ഒരു മറുപടിയും ലഭിച്ചില്ലെന്നും ശിവൻകുട്ടി കുറ്റപ്പെടുത്തി.

✪✪✪

പൈങ്കുനി ഉത്രം ഉത്സവത്തിനും വിഷു പൂജകൾക്കുമായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. തുടർച്ചയായി 18 ദിവസം ദർശനത്തിന് അവസരം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

......... വോയ്സ്......

ശബരിമലയിൽ 10 നാൾ നീണ്ട പൈങ്കുനി ഉത്രം മഹോത്സവം - മേട മാസ, വിഷു പൂജകൾക്കായി ഇന്നു വൈകിട്ട് നാലിനു ക്ഷേത്ര നടതുറന്നു ദീപം തെളിക്കും. നാളെ രാവിലെ 9 .45 നും 10 .45 നും മധ്യേ തന്ത്രി കണ്ഠര് രാജീവര്

കണ്ഠര് ബ്രഹ്മദത്തൻ എന്നിവരുടെ കാർമികത്വത്തിൽ കൊടിയേറ്റു ചടങ്ങു നടക്കും. ഈ മാസം 10ന് രാത്രി ശരംകുത്തിയിൽ പള്ളിവേട്ടയും 11 ന് രാവിലെ 11ന് പമ്പയിൽ അയ്യപ്പസ്വാമിക്ക് ആറാട്ടും നടക്കും. മണ്ഡലകാലം കഴിഞ്ഞാൽ സന്നിധാനത്ത് ഏറ്റവും കൂടുതൽ തീർഥാടകരെത്തുക വിഷുവിനോടനുബന്ധിച്ചാണ്. വിഷു ദിനമായ 14 ന് രാവിലെ നാലു മുതൽ ഏഴുവരെ വിഷുക്കണി ദർശനവും തന്ത്രി,മേൽശാന്തി എന്നിവരുടെ നേതൃത്വത്തിൽ വിഷുകൈനീട്ടവും തുടർന്ന് ഏഴു മുതൽ അഭിഷേകങ്ങളും നടക്കും. ഇന്ന് നട തുറന്നാൽ 18 ദിവസം തുടർച്ചയായി ദർശനം നടത്താം. മേടമാസ പൂജകൾ കൂടി പൂർത്തിയാക്കി ഈമാസം 18 നു രാത്രി 10നാണ് നട അടയ്ക്കുക. തീർഥാടകർക്ക് സുഗമമായ ദർശനം സാധ്യമാക്കാൻ വിപുമായ തയാറെടുപ്പുകളാണ് വിവിധ വകുപ്പുകൾ നടത്തിവരുന്നത്.

✪✪✪

കേരള സർവ്വകലാശാല സംഘടിപ്പിച്ച രണ്ടാമത് ഭരത് മുരളി നാടകോത്സവത്തിന് തിരുവനന്തപുരത്ത് കൊടിയിറങ്ങി. പാളയം സെനറ്റ് ഹാളിൽ മന്ത്രി GR അനിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

നാടക പ്രവർത്തകനും അധ്യാപകനുമായ പ്രൊഫ. അലിയാർ ചടങ്ങിൽ ഭരത് മുരളി അനുസ്മരണ പ്രഭാഷണം നടത്തി.

അഞ്ച് ദിവസത്തെ നാടകോത്സവത്തിൽ പ്രേക്ഷക ശ്രദ്ധ നേടിയ 10 മലയാള നാടകങ്ങളാണ് അരങ്ങിലെത്തിയത്.

✪✪✪

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു. മുംബൈ വാംഖഡെ സ്റ്റേഡിയത്തിലായിരുന്നു മത്സരം.

ഇന്ന് ലഖ്നൗ സൂപ്പർജയന്റ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. ലഖ്നൗവിലെ ഏകനാ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കൊച്ചിയിൽ റീജിയണൽ സ്പോർട്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ RSC സമ്മർ കോച്ചിംഗ് ക്യാമ്പ് പാരാ നീന്തൽ ചാമ്പ്യൻ P മുഹമ്മദ് ആസിം ഇന്ന് ഉദ്ഘാടനം ചെയ്യും. ആയിരത്തിലേറെ കുട്ടികൾ രണ്ടുമാസത്തെ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. പാരിസ്, പാര സ്വിമ്മിംഗ് വേൾഡ് സീരീസിൽ പങ്കെടുക്കുന്ന മുഹമ്മദ് ആസിമിന് റീജിയണൽ സ്പോർട്സ് സെൻറർ നൽകുന്ന ഒരു ലക്ഷം രൂപയുടെ ചെക്കും വെള്ളിനാണയവും, മന്ത്രി P രാജീവ് ചടങ്ങിൽ കൈമാറും.

✪✪✪

ജവഹർ ബാലഭവൻ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്ന അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം വൈകിട്ട് മന്ത്രി GR അനിൽ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര അക്കാദമി ചെയർമൻ പ്രേംകുമാർ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും.

✪✪✪

ഇടുക്കിയിൽ മയക്കുമരുന്ന് പരിശോധനാ ഡ്രൈവിനിടെ പൊലീസിനെ ആക്രമിച്ച മൂന്നംഗ സംഘത്തെ പിടികൂടി. അടമാലി-കുമളി ദേശീയപാതയിലെ ഇരുന്നൂറേക്കർ അമ്പലപ്പടിയിൽ കരിമ്പ് ജ്യൂസ് കടയ്ക്ക് സമീപമായിരുന്നു ആക്രമണം. അക്ഷയ് ജയൻ, രാഹുൽ ഷാജി, ജസ്റ്റിൻ ജോൺസൺ എന്നിവരാണ് അറസ്റ്റിലായത്.

✪✪✪

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ MBA പരീക്ഷയുടെ ഉത്തരക്കടലാസുകൾ കാണാതായ സംഭവത്തിൽ വൈസ് ചാൻസലർ വിളിച്ച യോഗം ഇന്ന് ചേരും. ഈ വിഷയം നേരത്തെ അറിഞ്ഞില്ലെന്ന ഉദ്യോഗസ്ഥരുടെ വാദം അടക്കം കാര്യങ്ങൾ യോഗം ചർച്ച ചെയ്തേക്കും.

✪✪✪

കാസർകോട് ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിത വിനിയോഗത്തിൽ സംസ്ഥാന തലത്തിൽ രണ്ടാംസ്ഥാനം നേടി.

കാസർകോട്ട് നിന്ന് കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P ജഗന്നിവാസൻ.

.........വോയ്സ്..........

✪✪✪

ഒറ്റപ്പാലം പാലപ്പുറം മീറ്റ്നയിൽ പ്രതിയെ അറസ്റ്റ് ചെയ്യാനെത്തിയ പൊലീസ് സംഘത്തിന് നേരെയുണ്ടായ ആക്രമണത്തിൽ ഗ്രേഡ് SI രാജ് നാരായണനും യുവാവിനും പരിക്കേറ്റു. ഇന്നലെ രാത്രിയാണ് ഇരുവിഭാഗങ്ങൾക്കിടയിലെ സംഘർഷം പരിഹരിക്കാനെത്തിയ പൊലീസിനു നേരെ ആക്രമണമുണ്ടായത്.

✪✪✪

കോഴിക്കോട് മലാപ്പറമ്പിലെ സ്കൂൾ ഹോസ്റ്റലിൽ നിന്ന് കാണാതായ വിദ്യാർഥിയെ കണ്ടെത്തി. ബീഹാർ സ്വദേശിയായ 13-കാരനെയാണ് പൂനയിൽ നിന്ന് കോഴിക്കോട് സിറ്റി പോലീസ് സംഘം കണ്ടെത്തിയത്. കുട്ടിയുമായി സംഘം ഇന്ന് കേരളത്തിലേക്ക് യാത്ര തിരിക്കും.

✪✪✪

*News Editor: വി കെ സുരേഷ്,*
*News Reader: അനിൽ ചന്ദ്രൻ*
*News Team: Edited by: നിമിഷ ജി*
*DEO:സി കെ സുബോധ്*